# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 177 | 25/03/2013-ലെ മറുപടിക്ക്

## വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം

| ചോദ്യം | മറുപടി. |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>,, പി.സി. വിഷ്ണുനാഥ്<br>,, കെ.മുരളീധരൻ<br>,, വി.ഡി.സതീശൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വിജിലൻസ് ആന്റ് ആന്റികറ്ഷൻ ബ്യൂറോയുടെ പ്രവർത്തനം നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ:എങ്കിൽ വിശദമാക്കുമോ;<br><br>ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | എ) ബി) സി) ഡി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഓരോ ജില്ലയിലേയും അഴിമതി നിരോധന വകുപ്പ് മേധാവികളുടെ മേൽവിലാസവും ടെലിഫോൺ നമ്പരുകളും എല്ലാ സർക്കാർ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതിനായി ടോൾഫ്രീ നമ്പർ ഏർപ്പെടുത്തി. ടോൾഫ്രീ നമ്പരും, ഇൻകമിംഗ് കോളുകളും മാത്രം ലഭ്യമാക്കുന്ന ഫോൺ സംവിധാനവും ഏർപ്പെടുത്തിയതു പൊതുജനങ്ങൾക്ക് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുമായി ബന്ധപ്പെടുന്നതിന് വളരെയധികം സഹായകമായിട്ടുണ്ട്. അന്വേഷണങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 13 വാഹനങ്ങളും ആധുനികവത്കരണത്തിന്റെ ഭാഗമായി 55 കമ്പ്യൂട്ടറുകളും വാങ്ങി യിട്ടുണ്ട്. ടോൾഫ്രീ നമ്പർ മുഖേനയും മറ്റും ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തിര സ്വഭാവമുള്ളവയിൽ ഉടനടി നടപടി സ്വീകരിക്കുന്നതിനായി ഒരു വിജിലൻസ് ലൈറ്റ്നിംഗ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോൾ തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമാക്കി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം നവീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ സമർപ്പിച്ച പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. സർക്കാർ സർവ്വീസിലെ/ പൊതുമേഖലയിലെ അഴിമതിക്കെതിരെ പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് എല്ലാ ജില്ലകളിലും ജില്ലാതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ